**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 28** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>നവ കേരള സദസ്സിന് ഉപയോഗിച്ച പ്രത്യേക ബസിനു വേണ്ടി ചെലവായ തുക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ ശ്രീ. വി. ഡി. സതീശൻ

ശ്രീ. എ. പി. അനിൽ കുമാർ (മുഖ്യമന്ത്രി)

**(എ)** നവ കേരള സദസ്സിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രയ്ക്കായി ഉപയോഗിച്ച പ്രത്യേക ബസിനു വേണ്ടി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചു എന്നതിന്റെ വിശദാംശം ഇനം തിരിച്ച നൽകാമോ;

**<u>മറുപടി:</u>** നവ കേരള സദസ്സിന് മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും യാത്രയ്ക്കായി ഉപയോഗിച്ച പ്രത്യേക ബസ് വാങ്ങുന്നതിനു വേണ്ടി ആകെ 1,11,78,691/- രൂപ (ഒരു കോടി പതിനൊന്ന് ലക്ഷത്തി എഴുപത്തി എട്ടായിരത്തി അറുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) ചെലവഴിച്ചു.

ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ബസ് വാങ്ങൽ (കസ്റ്റം ബിൽഡ്) - 1,05,19,839/- രൂപ

2) നവകേരള സദസ്സിനു വേണ്ടി ഉപയോഗിച്ചിരുന്ന കാലയളവിൽ വാഹനത്തിന്റെ ദൈനംദിന പരിപാലനത്തിനും മറ്റ് സജ്ജീകരണങ്ങൾക്കും - 3,86,582/- രൂപ

3) ഇന്ധനം, ആഡ് ബ്ലൂ ഇനത്തിലുള്ള തുക - 2,72,270/- രൂപ

**(ബി)** പ്രസ്തുത ബസ് നിലവിൽ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ബസ്സിന്റെ വാടക ഇനത്തിലോ മറ്റ് ഇനങ്ങളിലോ നിലവിൽ എത്ര തുക വരുമാനം ലഭിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** ഉണ്ട്; നവകേരള സദസ്സിന് ഉപയോഗിച്ചിരുന്ന ബസ് നിലവിൽ കോഴിക്കോട് - ബാംഗ്ലൂർ റൂട്ടിൽ സ്റ്റേജ് കാര്യേജ് സർവ്വീസിന് ഉപയോഗിക്കുന്നുണ്ട്. സർവ്വീസ് നടത്തിയതിൽ 06.05.2024 മുതൽ 16.07.2024 വരെ ടിക്കറ്റ് വരുമാനമായി 24,49,008/- രൂപയും, 01.01.2025 മുതൽ 20.01.2026 വരെ ടിക്കറ്റ് വരുമാനമായി 1,96,22,287/- രൂപയും ഉൾപ്പെടെ 2,20,71,295/- രൂപ (രണ്ട് കോടി ഇരുപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഇരുനൂറ്റി തൊണ്ണൂറ്റിയഞ്ച് രൂപ മാത്രം) ലഭ്യമായിട്ടുണ്ട്. നിലവിൽ ശരാശരി 56,717/- രൂപ മുതൽ പ്രതിദിന വരുമാനവും ശരാശരി 80/- രൂപ പ്രതികിലോമീറ്റർ വരുമാനവും ലഭ്യമാകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**